**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.55** **03/02/2020-ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാന പഠനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ശശി** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കനത്ത മഴയും കാലാവസ്ഥാ വ്യതിയാനവും അത് ഭാവിയിൽ ആവർത്തിക്കാനുള്ള സാധ്യതയും സംബന്ധിച്ച് പഠനം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്;<br><br>സംസ്ഥാനത്ത് ഉണ്ടാകുന്ന അതിതീവ്രമായ മഴയും അതിനെത്തുടർന്ന് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ച് വിഷയവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായതും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം അടിയന്തരഘട്ട പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുതകുന്നതും, ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഉതകുന്നതുമായ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുമായി 22/08/2019 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നം.42/2019/ശാ.സാ.വ. പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>സമിതിയുടെ പഠന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) അതിതീവ്രമഴയുടെയും ആയതിനുള്ള ഹേതുക്കളുടെയും കാരണങ്ങൾ കണ്ടെത്തുക.<br><br>(ബി) ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനാവശ്യമായ സമയത്തിനുള്ളിൽ കൃത്യമായ കാലാവസ്ഥാ പ്രവചനം നടത്തുന്നതിനുള്ള ശേഷിയും സാധ്യതയും തയ്യാറാക്കുക.<br><br>(സി) തീവ്രമായ മഴയെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും, ദുരന്തങ്ങളും അനന്തര |

| | | | |
|---|---|---|---|
| | | | ഫലങ്ങളും കുറയ്ക്കുന്നതിനും സഹായിക്കുന്ന നിലവിലുള്ള സൂചകങ്ങളും സമ്പ്രദായങ്ങളും അവലോകനം ചെയ്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.<br><br>(ഡി) ദുരന്തസാധ്യതാ പ്രദേശങ്ങളുടെ ഭൂപടം പരിശോധിക്കുകയും, ദുരന്തങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന നിലവിലെ മാർഗ്ഗങ്ങൾ അവലോകനം ചെയ്ത് ആയവയ്ക്ക് മാറ്റങ്ങൾ നിർദ്ദേശിക്കുക.<br><br>(ഇ) കേരളത്തിലെ ഭൂവിനിയോഗമാറ്റങ്ങൾ ദുരന്തങ്ങളിലേയ്ക്ക് നയിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുക.<br><br>സംസ്ഥാന ആസൂത്രണ ബോർഡിന് വിശദമായ പഠനറിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**